വരുത്താനും കഴിയണം. സർക്കാർ നൽകിയിട്ടുള്ള വായ്പ ലോണാക്കി മാറ്റാനും അടിയന്തിരമായി നടപടി ഉണ്ടാകണം. വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും കുറഞ്ഞ പലിശയ്ക്ക് കൂടുതൽ തുക ഈ മില്ലുകൾക്ക് ലഭ്യ മാക്കണം. കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള തുണിവ്യവസായത്തിനുള്ള ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് 25,000 കോടി രൂപയാണ്. ഈ ഫണ്ടിൽനിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ സഹായം ലഭ്യമാ ക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ സംസ്ഥാനത്തെ 5 എൻ.ടി.സി. മില്ലുകളുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി കേന്ദ്ര ത്തിന്റെ ഫണ്ടിൽനിന്നും തുക ലഭ്യമാക്കാനും നടപടി ഉണ്ടാകേണ്ടതുണ്ട്. സഹ കരണ മേഖലയിലുള്ള മില്ലുകളുടെ കാര്യത്തിലും കൂടുതൽ സഹായകരമായ സമീപനം എടുക്കണം. അടച്ചുപൂട്ടിക്കിടക്കുന്ന മില്ലുകൾ തുറക്കാനുള്ള അടിയ ന്തിര നടപടികളും ഈ സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സർ, നമ്മുടെ രാജ്യത്ത് ഈ ദശകത്തിന്റെ ആദ്യപകുതിയിൽ നടപ്പിലായ ഉദാരവൽക്കരണത്തിന്റേയും ഡിലൈസൻസിംഗിന്റേയും ഫല മായി നിലവിലുള്ള സ്പിന്നിംഗ് കപ്പാസിറ്റിയിൽ ക്രമാതീതമായ വളർച്ചയു ണ്ടായി. ഇത് ടെക്സ്റ്റയിൽ വ്യവസായത്തിൽ ശക്തമായ വാണിജ്യ മത്സര ത്തിനു വഴിവച്ചു. കൂടാതെ കൂടിയ ഉൽപ്പാദന ക്ഷമതയോടും ഗുണമേന്മ യോടും നൂൽത്തരങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള ആധുനിക യന്ത്രങ്ങ ളുള്ള വളരെയധികം സ്പിന്നിംഗ് മില്ലുകൾ നിലവിൽ വരികയും ചെയ്തു. താഴെപ്പറയുന്ന കാരണങ്ങളാൽ സംസ്ഥാനത്ത് നിലവിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി നേരിടാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് 25,000 കോടിരൂപയുടെ ഒരു ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ഉണ്ടാക്കിയിട്ടുണ്ട്. അഞ്ചു ശതമാനം പലിശ ഇളവോടുകൂടി ദീർഘകാല വായ്പകൾ അനുവദിക്കുകയുണ്ടായി. അത് ഉപയോ ഗപ്പെടുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തുള്ള മില്ലുകളെ ആകെ പുനരുദ്ധരി ക്കുന്നതിനുവേണ്ടി ഒരു പദ്ധതി നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് മില്ലുകൾ നവീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുന്നതാണ്.

(15) വൈഗാ ത്രെഡ്സ് ആയി മാറിയ മദുര കോട്സിന്റെ പ്രവർത്തനങ്ങളിലെ അപാകത

[11. am]

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കൊർട്ടിയിൽ ഉണ്ടായിരുന്ന മദുരാ കോട്സ് ഇപ്പോൾ വൈഗാ ത്രെഡ്സ് ആണ്. 1998 നവംബർ 10-നാണ് വൈഗാ ത്രെഡ്സ് തുറന്ന് പ്രവർത്തനം ആരംഭിച്ചത്. എന്നുപറഞ്ഞാൽ ഏഴു മാസവും 26 ദിവസവും കഴിഞ്ഞു, തുറ ന്നിട്ട്. 850 പേരെ ജോലിയിൽ പ്രവേശിപ്പിക്കും എന്നായിരുന്നു ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാ ക്കിയ കരാറ്. 8 മാസത്തോളമായി ഏതാണ്ട് പകുതി ജോലിക്കാരെ മാത്രമേ കമ്പനിക്കകത്ത് പ്രവേശിപ്പിച്ചിട്ടുള്ളൂ. ബാക്കി തൊഴിലാളികൾ മഴ നോക്കിയി രിക്കുന്ന വേഴാമ്പലിനെപ്പോലെ അനന്തമായി കാത്തിരിക്കുകയാണ്-എന്ന് അവരെ കയറ്റും എന്ന് മോഹിച്ച്. ദയവായി ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര മായി ഇടപെട്ട് ഈ കാത്തിരിപ്പ് അവസാനിപ്പിച്ചുതരണം. വൈറ്റ്പ്രോസസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ കമ്പനി കൈക്കൊണ്ടിട്ടില്ല. തൊഴിലാളികൾക്ക് ഫസ്റ്റ് എയ്ഡിനുള്ള സംവിധാനം ഇല്ല. ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നില്ല, കമ്പനി തുറന്ന് 6 മാസത്തിനുള്ളിൽ പുറപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

വിക്കേണ്ട ദീർഘകാല കരാർ ഉണ്ടാക്കിയിട്ടില്ല. ദീർഘകാല കരാർ ഉണ്ടാക്കുന്നതുവരെ പാലിക്കേണ്ട 1988-ലെ കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല. പുറത്തു നിർത്തിയിരിക്കുന്ന തൊഴിലാളികൾ പ്രവർത്തിച്ചിരുന്ന ഹാൻഡ് വെൻഡിംഗ് പോലുള്ള സെക്ഷനുകളും മേസൻ, കാർപെന്ററി വർക്കുകളുമൊന്നും കമ്പനിക്കകത്ത് നടക്കുന്നില്ല. ഇതൊരുതരം വഞ്ചനയാണ്. അതുകൊണ്ട് ദയവായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വൈഗാ ത്രെഡ്സിൽ ഒരു ഔദ്യോഗിക സന്ദർശനം നടത്തണമെന്നും ഈ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരം കാണണമെന്നും സബ്മിഷനിലൂടെ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, ഈ പ്രശ്നത്തിൽ ഞാൻ നിരന്തരമായി വൈഗാ ത്രെഡ്സുമായി ബന്ധപ്പെടുന്നുണ്ട്. ആദ്യബാച്ചായിട്ട് 426 തൊഴിലാളികളെ എടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. വൈകാതെതന്നെ തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളും എന്നാണ് പറഞ്ഞിരിക്കുന്നത്. മില്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കൂടുതൽ വൈദ്യുതി ആവശ്യമായിത്തീർന്നിരിക്കുന്നു. കൂടുതലായി 300 കെ.വി.എ. വൈദ്യുതി അനുവദിക്കണമെന്ന കമ്പനിയുടെ അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്. അടുത്തകാലത്ത് ഉണ്ടായ കറണ്ട് ചാർജ്ജ് വർദ്ധന കമ്പനിക്ക് കൂടുതൽ സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കി-യിട്ടുണ്ട്. പ്രസ്തുത വർദ്ധനവിൽനിന്നും മില്ലിനെ ഒഴിവാക്കാനായി സംസ്ഥാന വൈദ്യുതി മന്ത്രിയോട് കമ്പനി അപേക്ഷിച്ചിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കു വേണ്ടിയുള്ള അപേക്ഷയും തീരുമാനം ആകാതെ ഇരിക്കുകയാണ്. 1998 നവംബറിൽ മില്ലിന്റെ പ്രവർത്തനം ആരംഭിച്ച വേളയിൽ ചില പ്രശ്നങ്ങളൊക്കെയുണ്ടായിരുന്നു, സത്യാഗ്രഹവുമൊക്കെയുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം മാറി, ഒരുവിധം നന്നായിട്ട് പ്രവർത്തനങ്ങൾ നടക്കുകയാണ്. സ്റ്റേജസായിട്ട് ആളുകളെ എടുത്ത് കമ്പനിയുടെ പ്രവർത്തനം പൂർണ്ണതോതിലാക്കണം എന്നാണ് പറഞ്ഞത്. ഒരു കോൺഫറൻസ് തന്നെ വിളിച്ച് ആവശ്യമായതു ചെയ്യാം. അസംബ്ലിയൊക്കെ കഴിഞ്ഞിട്ട് അവിടം സന്ദർശിക്കുന്ന കാര്യവും ആലോചിക്കാം.

IV. റിപ്പോർട്ട് സമർപ്പണം

പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. ധനകാര്യം

<u>1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി, (95,98,96,000)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും (61,68,93,000)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് (86,17,33,000)

LIBRARY ARCHIVES Kerala Legislative Assembly